ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

40 (4323) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികളും പക്ഷിപ്പനി, ഡെങ്കിപ്പനി, ചെള്ള് പനി, കുരങ്ങുപനി, മറ്റ് മാരക രോഗങ്ങൾ എന്നിവ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സാഹചര്യങ്ങൾ നേരിടുന്നതിന് ആവശ്യത്തിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തിക ആരോഗ്യവകുപ്പിനു കീഴിൽ ഉണ്ടോ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ താൽക്കാലിക ജീവനക്കാർ എത്രപേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ജനസംഖ്യാനുപാതികമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തികയില്ലെങ്കിൽ സംസ്ഥാനത്തിന്റെ സാഹചര്യം പരിഗണിച്ച് ആവശ്യത്തിന് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിയ്ക്കുമോ;

(ഇ) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെള്ളുപനി, കുരങ്ങുപനി എന്നിവ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പക്ഷിപ്പനി മനുഷ്യനിലേയ്ക്ക് പകർന്നതായി തെളിഞ്ഞിട്ടില്ല. ഡെങ്കിപ്പനി ഈ വർഷം കുറഞ്ഞിട്ടുണ്ട്.

(ബി)

എണ്ണം	ജില്ല	ജൂനിയൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക
(1)	(2)	(3)
1	തിരുവനന്തപുരം	312
2	കൊല്ലം	292
3	പത്തനംതിട്ട	190
4	ആലപ്പുഴ	231

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
5	കോട്ടയം	232
6	ഇടുക്കി	234
7	എറണാകുളം	270
8	തൃശ്ശൂർ	358
9	പാലക്കാട്	303
10	മലപ്പുറം	341
11	കോഴിക്കോട്	277
12	വയനാട്	131
13	കണ്ണൂർ	301
14	കാസർഗോഡ്	173

(സി) മഴക്കാലരോഗനിയന്ത്രണത്തിനും പ്രതിരോധത്തിനുംവേണ്ടി താൽക്കാലികമായി നിയമിച്ച 210 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ജോലി ചെയ്യുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

എണ്ണം	ജില്ല	ജൂനിയൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക
(1)	(2)	(3)
1	തിരുവനന്തപുരം	8
2	കൊല്ലം	6
3	പത്തനംതിട്ട	26
4	ആലപ്പുഴ	12

(1)	(2)	(3)
5	കോട്ടയം	18
6	ഇടുക്കി	10
7	എറണാകുളം	18
8	തൃശ്ശൂർ	18
9	പാലക്കാട്	8
10	മലപ്പുറം	24
11	കോഴിക്കോട്	---
12	വയനാട്	11
13	കണ്ണൂർ	27
14	കാസർഗോഡ്	24

(ഡി&ഇ) 8-2-2012 തീയതിയിലെ സ.ഉ.(കൈ) നമ്പർ 51/2012/ആ.ക.വ. സർക്കാർ ഉത്തരവുപ്രകാരം 12 ജെ.എച്ച്.ഐ. തസ്തിക ഇടുക്കി ജില്ലയിലും 19-4-2012 തീയതിയിലെ സ.ഉ.(കൈ.)നമ്പർ 122/2012/ആ.ക.വ. സർക്കാർ ഉത്തരവുപ്രകാരം 104 ജെ.എച്ച്.ഐ. തസ്തിക, ബാക്കിയുള്ള 13 ജില്ലകളിലും ജനസംഖ്യാനുപാതികമായി സൃഷ്ടിച്ച് ഉത്തരവായിരുന്നു.

മലപ്പുറം ക്യാൻസർ സെന്റർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

41 (T*4324) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മലപ്പുറം ക്യാൻസർ സെന്റർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly